# ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്ജ് ഈടാക്കാൻ നീക്കം

തിരുവനന്തപുരം: ഉപയോഗിച്ച യൂണിറ്റ് അളന്നതിനു ശേഷം മാത്രം വില ഈടാക്കുന്നതിനു പകരം ഓരോ സ്ഥാപനത്തിലും വീടുകളിലുമുള്ള കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ ചാർജ്ജ് ഈടാക്കുവാൻ സംസ്ഥാന വൈദ്യുതിബോർഡ് ഉദ്ദേശിക്കുന്നതായി അറിയുന്നു. ഇത് നടപ്പിൽ വരുത്തുകയാണെങ്കിൽ ഉപഭോക്താക്കൾ നിനച്ചിരിക്കാതെ അധികചാർജ്ജ് നൽകേണ്ടിവരും.

ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ഓരോ മുറിയിലും ലൈറ്റും പവർപ്ലഗ്ഗും ഫാനും ഉപയോഗിക്കാൻ വേണ്ട പോയിന്റുകൾ ഘടിപ്പിച്ചിരിക്കും. അതിന്റെയൊക്കെ ഉപയോഗക്രമത്തിലെ ശരാശരി ലൈറ്റിന് 60 വാട്ട്, പവർപ്ലഗ്ഗിന് 80വാട്ട് എന്നിങ്ങനെ കണക്കെടുത്തായിരിക്കും കണക്ടഡ് ലോഡ് നിശ്ചയിച്ചിരിക്കുന്നത്. ഇതനുസരിച്ച് കറന്റ് ചാർജ്ജ് ആയാൽ ഈയിനത്തിൽ ബോർഡിനു നേടാവുന്നത് അതിഭീമമായ വരുമാനമായിരിക്കും. ബോർഡിന്റെ മൊത്തം വൈദ്യുതി ഉല്പാദനശേഷിയേക്കാളും വളരെയധികം വരുമാനം പ്രതീക്ഷിക്കാം. ജനാധിപത്യ രാജ്യത്ത് ജനങ്ങൾ ചൂഷണം ചെയ്യപ്പെടുന്ന ഏർപ്പാടിലേക്ക് തരംതാഴുന്നതായിരിക്കും ഈ നടപടി.

(നാട്ടുപത്രം)